പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 1809 08.06.2018 ൽ മറുപടി നൽകേണ്ടിയിരുന്നത്

## വിവരസാങ്കേതിക വിദ്യാധിഷ്ഠിത പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്. ശർമ്മ<br>ശ്രീ. എം. പ്രദീപ് കുമാർ<br>ശ്രീ. ബി. ഡി. ദേവസ്സി<br>ശ്രീ. ജോൺ ഫെർണാണ്ടസ് | ഡോ. കെ. ടി. ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ പദ്ധതി വിഹിതത്തിന്റെ നാലിലൊന്നോളം ലഭിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, അവരുടെ വികസന പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് എന്തൊക്കെ സ്ഥാപനശാക്തീകരണപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്; | എ) സംസ്ഥാനത്തെ എല്ലാ ഗ്രാമ പഞ്ചായത്തുകളും പൂർണ്ണമായും കമ്പ്യൂട്ടർവത്കരിക്കുകയും പദ്ധതി ആസൂത്രണ നിർവ്വഹണ പ്രവർത്തനങ്ങൾ ഓൺലൈൻ ആകുകയും ചെയ്തിട്ടുണ്ട്. എല്ലാ പഞ്ചായത്തുകളിലും പദ്ധതി രൂപീകരണം അംഗീകാരം തുടങ്ങിയവ ഓൺലൈനായി ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചെടുത്ത 'സുലേഖ' സോഫ്റ്റ് വെയർ വഴി ആണ് നടക്കുന്നത്. ഗ്രാമസഭകൾ ശാക്തീകരിക്കുന്നതിന്റെ ഭാഗമായുള്ള ഓൺലൈൻ ഗ്രാമസഭാ പോർട്ടൽ മുഖേന പൊതുജനങ്ങൾക്ക് തങ്ങളുടെ നിർദ്ദേശങ്ങൾ രേഖപ്പെടുത്താൻ കഴിയും. പദ്ധതി നിർവ്വഹണ നടപടിക്രമങ്ങളിൽ പ്രധാനപ്പെട്ട ഗുണഭോക്തൃ ലിസ്റ്റ് ഉൾപ്പെടെയുള്ളവ സുലേഖ സോഫ്റ്റ് വെയറിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| ബി) പ്രാദേശിക ഭരണത്തിൽ നിലനിന്നിരുന്ന അഴിമതിയും കെടുകാര്യസ്ഥതയും അവസാനിപ്പിക്കാൻ നടത്തിയ വിവരസാങ്കേതികവിദ്യാധിഷ്ഠിത ആധുനീകരണ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ബിൽഡിംഗ് പെർമിറ്റ്, സാമൂഹ്യ സുരക്ഷാ പെൻഷനുകൾ, ജനന-മരണ, വിവാഹ രജിസ്ട്രേഷനുകൾ തുടങ്ങിയ സേവനങ്ങൾ ഓൺലൈനായതോടുകൂടി അപേക്ഷകളുടെ നടപടി ക്രമങ്ങൾ ഓരോ ഘട്ടത്തിലും ഉദ്യോഗസ്ഥർ മുതൽ |

പൊതുജനങ്ങൾ വരെ എല്ലാവർക്കും നിരീക്ഷിക്കാൻ സാധിക്കുന്നതിനാൽ കാലതാമസവും അഴിമതിയും ഒരു പരിധിവരെ ഇല്ലാതാക്കാൻ സാധിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | അഴിമതി വ്യാപകമായി നടന്നിരുന്ന പ്രധാന മേഖലയായ കെട്ടിട നിർമ്മാണത്തിനുള്ള അനുമതി ഓൺലൈൻ ആക്കാൻ തീരുമാനമായിട്ടുണ്ടോ? | സി) | സംസ്ഥാനത്ത് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷകൾ ഓൺലൈൻ വഴി സ്വീകരിച്ച് നടപടി സ്വീകരിക്കുന്നതിനും ഐ.കെ.എം.-സങ്കേതം എന്ന പേരിൽ സോഫ്റ്റ് വെയർ വികസിപ്പിച്ചിരുന്നു. ഇടുക്കി ജില്ലയിലെ ഇടമലക്കുടി ഗ്രാമപഞ്ചായത്ത് ഒഴികെ മറ്റെല്ലാ ഗ്രാമ പഞ്ചായത്തുകളിലും സങ്കേതം ആപ്ലിക്കേഷൻ നടപ്പിലാക്കി. ഇടമലക്കുടി ഗ്രാമ പഞ്ചായത്ത് ട്രൈബൽ പ്രദേശമായതിനാൽ പ്രത്യേക പരിഗണനയുള്ളതും സങ്കേതം നടപ്പിലാക്കേണ്ട ആവശ്യമില്ലാത്തതുമാണ്. |

സെക്ഷൻ ഓഫീസർ